I/5260889/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ബി2/4/2022/സാ.നീ.വ

സാമൂഹ്യനീതി (ബി) വകുപ്പ്

തിരുവനന്തപുരം,
തീയതി: 03-05-2022

**സർക്കുലർ**

വിഷയം:- സാമൂഹ്യ നീതി വകുപ്പ്- പരിമിത രക്ഷാകർതൃത്വം (Limited Guardianship) – വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളും, അപേക്ഷയുടെ മാതൃകയും-സംബന്ധിച്ച്

സൂചന:- 1.The Right of Persons with Disabilities Act, 2016 (No. 119 of 2016).

2. G.O.(P) No. 20/20/SJD തീയതി 23.09.2020.

3. The Right of Persons with Disabilities (Kerala) Rules 2020 Notification SRO. No. 262/2020 [ GO(P) No. 3/2020/SJD dated 28.3.2020 ]

2016-ലെ ഭിന്നശേഷി അവകാശ നിയമം (Central Act 49 of 2016) സെക്ഷൻ 14(1) പ്രകാരവും 2020-ലെ കേരള ഭിന്നശേഷി അവകാശ ചട്ടം അദ്ധ്യായം 3 പ്രകാരവും നിയമ സാധുതയുള്ള തീരുമാനം എടുക്കാൻ ശേഷിയില്ലാത്ത ഭിന്നശേഷിക്കാർക്ക് പരിമിത രക്ഷാകർതൃത്വം അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു ഉദ്യോഗസ്ഥനെ അധികാരിയായി നിയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ Limited Guardianship പരിമിത രക്ഷാകർതൃത്വം സംബന്ധിച്ചുള്ള വ്യക്തമായ മാർഗനിർദ്ദേശം നിയമത്തിലോ ചട്ടത്തിലോ പറഞ്ഞിട്ടില്ലാത്തതിനാലും ഈ വിഷയത്തിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനുള്ള അറിവ് പരിമിതമായതിനാലും വ്യക്തമായ ഒരു മാർഗ നിർദ്ദേശം പുറപ്പെടുവിക്കാത്തപക്ഷം സംസ്ഥാനത്ത് ഏകികൃതമായ ഒരു സംവിധാനം ഇല്ലാത്ത അവസ്ഥ വരും. ആയതുമൂലം ഭാവിയിൽ ഉണ്ടാകാനിടയുള്ള ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനും ഇക്കാര്യത്തിൽ വ്യക്തമായ മാനദണ്ഡങ്ങളും അപേക്ഷയുടെ മാതൃകയും മറ്റും രൂപപ്പെടുത്തേണ്ടത് അത്യാന്താപേക്ഷിതമാണ്.

മേൽ സാഹചര്യത്തിൽ The Right of Persons with Disabilities Act, 2016-ന്റെ 14-ാം വകുപ്പ് പ്രകാരം Limited Guardianship, ഭിന്നശേഷിക്കാർക്ക് വേണ്ടി legally binding decisions എടുക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തിയിട്ടുള്ളതിനാലും, The Right of Persons with Disabilities (Kerala) Rules, 2020-ൽ Limited Guardianship അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും, Limited Guardianship അനുവദിക്കുന്നതിനുള്ളതിലേക്ക് ചുവടെ പറയുന്ന കരട് മാർഗ്ഗ നിർദ്ദേശങ്ങൾ, അപേക്ഷയുടെയും Limited Guardianship അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ മാതൃകയും ഉൾപ്പെടുത്തികൊണ്ടും പരിമിത രക്ഷാകർതൃത്വം

അനുവദിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളിൽ ആയത് അനുവദിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന PRO-മാരും അപ്പീൽ അധികാരിയായി നിശ്ചയിച്ചിരിക്കുന്ന ജില്ലാ കളക്ടർമാരും പരിമിത രക്ഷാകർതൃത്ത്വത്തിനുള്ള അപേക്ഷകളും അപ്പീലുകളും സംബന്ധിച്ചുള്ള ഒരു അർദ്ധവാർഷിക റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടർ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊള്ളുന്നു.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും എല്ലാ വകുപ്പ് മേധാവികളും അവരുടെ കീഴിൽ വരുന്ന ഓഫീസർമാർക്കും/ സ്ഥാപനങ്ങൾക്കും ടി സർക്കുലറിലെ വിവരങ്ങൾ അറിവിലേക്കായി നൽകേണ്ടതുമാണ്.

**<u>പരിമിത രക്ഷാകർതൃത്വം (Limited Guardianship) അനുവദിക്കുന്നതിനുള്ള</u>**

**<u>മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

**<u>2016-ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 14(1), കേരള ഭിന്നശേഷി അവകാശ ചട്ടം 2020, അദ്ധ്യായം 3 പ്രകാരമുള്ളത്</u>**

**<u>I. എന്താണ് പരിമത രക്ഷാകർതൃത്വം (Limited Guardianship)</u>**

മതിയായതും, ഉചിതമായതുമായ പിന്തുണ കൊടുത്തിട്ടും, ഭിന്നശേഷിക്കാരനായ ഒരു വ്യക്തിയേ സംബന്ധിച്ചോ ആ വ്യക്തിയുടെ വസ്തുവകകളെ സംബന്ധിച്ചോ നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് ശാരീരിക – മാനസിക – ബൗദ്ധിക പരിമിതികളുള്ളവർക്ക് വേണ്ടി ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക കാര്യം നിർവഹിക്കുന്നതിനു വേണ്ടി ഭിന്നശേഷിക്കാരന്റെ സമ്മത പ്രകാരം മറ്റൊരു വ്യക്തിയെ ചുമതലപ്പെടുത്തുന്ന പ്രവർത്തനമാണ് പരിമത രക്ഷാകർതൃത്വം. അഥവാ ഒരു നിശ്ചിത സമയത്തേക്കോ ഒരു പ്രത്യേക സാഹചര്യത്തിലോ വിശേഷാൽ തീരുമാനം കൈക്കൊള്ളുന്നതിന് ഭിന്നശേഷിക്കാരന് കഴിയാതെ വരുന്ന സാഹചര്യത്തിൽ ടിയാന്റെ സമ്മതത്തോട് കൂടി ഭിന്നശേഷിക്കാരനും പരിമിത രക്ഷകർത്താവും തമ്മിൽ പരസ്പര വിശ്വാസത്തോടും ഉത്തരവാദിത്വത്തോടും കൂടി കൂട്ടായ തീരുമാനം കൈക്കൊള്ളുന്ന ഒരു രീതിയാണ് പരിമിത രക്ഷാകർതൃത്വം.

2016-ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 14(1) പ്രകാരവും 2020 -ലെ കേരള ഭിന്നശേഷി അവകാശ ചട്ടം അദ്ധ്യായം 3 പ്രകാരവും നിയമ സാധുതയുള്ള തീരുമാനം എടുക്കാൻ ശേഷിയില്ലാത്ത ഭിന്നശേഷിക്കാർക്ക് പരിമിത രക്ഷാകർതൃത്വം അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു ഉദ്യോഗസ്ഥനെ അധികാരിയായി നിയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നയത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 23/09/2020ലെ ജി.ഒ.(പി)നം.20/2020 നമ്പർ സർക്കാർ (SRO No.609/2020) ഉത്തരവ് പ്രകാരം സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ ഭിന്നശേഷിക്കാർക്ക് പരിമിത രക്ഷാകർതൃത്വം നൽകുന്നതിന് ചുമതലപ്പെട്ട അധികാരിയായി നിയോഗിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2016-ലെ ഭിന്നശേഷി അവകാശ

നിയമ പ്രകാരവും കേരള ഭിന്നശേഷി അവകാശ ചട്ടം, 2020 പ്രകാരവും ജില്ലാ കളക്ടർമാരെ അപ്പീൽ അധികാരിയായും നിയമിച്ചിട്ടുണ്ട്.

**II. പരിമിത രക്ഷാർതൃത്വത്തിന് (Limited Guardianship) ആർക്കെല്ലാം അർഹതയുണ്ട്.**

നിയമ സാധുതയുള്ള തീരുമാനം കൈക്കൊള്ളുവാൻ ശാരീരിക-മാനസിക ബൗദ്ധിക പരിമിതികളാൽ സാധ്യമല്ലായെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോധ്യപ്പെടുന്ന എല്ലാ ഭിന്നശേഷിക്കാർക്കും (നാൽപത് ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുണ്ടെന്ന് തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ള വ്യക്തികൾ).

**III. ഏതൊക്കെ സാഹചര്യത്തിലാണ് പരിമിത രക്ഷാകർതൃത്വം അനുവദിക്കാവുന്നത്.**

മതിയായതും, ഉചിതമായതുമായ പിന്തുണ കൊടുത്തിട്ടും, ശാരീരിക - മാനസിക – ബൗദ്ധിക പരിമിതികളുള്ള ഭിന്നശേഷിക്കാരന് നിയമ സാധുതയുള്ള തീരുമാനം സ്വന്തമായി കൈക്കൊള്ളുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ (ഉദാ: - അടിയന്തിര ചികിത്സ, വിവിധതരം തെറാപ്പികൾ, ഭിന്നശേഷിക്കാരന്റെ ഭൂമി ടിയാളുടെ ആവശ്യത്തിനായി കൈമാറ്റം ചെയ്യുക തുടങ്ങിയവ) പരിമിത രക്ഷാകർതൃത്വം അനുവദിക്കാവുന്നതാണ്.

**IV. പരിമിത രക്ഷാകർതൃത്വത്തിന് വേണ്ടി ആരാണ് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അപേക്ഷ സമർപ്പിക്കേണ്ടത്**

പരിമിത രക്ഷാകർതൃത്വം ലഭിക്കുന്നതിന് ഭിന്നശേഷിക്കാരനായ വ്യക്തിക്കോ, അദ്ദേഹത്തിന്റെ രക്ഷിതാക്കൾക്കോ അല്ലെങ്കിൽ ഭിന്നശേഷിക്കാർക്ക് വേണ്ടി ചുവടെ പറയുന്ന ആളുകൾക്കോ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- ബന്ധുക്കൾ (രക്തബന്ധം, വൈവാഹിക ബന്ധം, ദത്തെടുക്കൽ വഴിയുള്ള ബന്ധം)
- ഭിന്നശേഷി അവകാശ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപന മേധാവികൾക്ക് (ഭിന്നശേഷിക്കാരുടെയോ അവരുടെ രക്ഷകർത്താക്കളുടെയോ സമ്മതപത്രം നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.)
- സർക്കാർ സ്ഥാപനത്തിലെ താമസക്കാരായ ഭിന്നശേഷിക്കാർക്ക് വേണ്ടി സ്ഥാപന സൂപ്രണ്ടിന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അപേക്ഷ നൽകാവുന്നതാണ്.

**V. സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ആരെയെല്ലാം പരിമിത രക്ഷാകർത്താവായി നിയമിക്കാം**

ഭിന്നശേഷിക്കാരന്റെ പ്രയോജനാർത്ഥം, സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റിന് താഴെ പറയുന്നവരെ പരിമിത രക്ഷാകർത്താവായി നിയമിക്കാം.

- ഭിന്നശേഷിക്കാരന്റെ രക്ഷിതാക്കൾ
- സഹോദരങ്ങൾ
- ബന്ധുക്കൾ (രക്തബന്ധം, വൈവാഹിക ബന്ധം, ദത്ത് വഴിയുള്ള ബന്ധം)
- ഭിന്നശേഷി അവകാശ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളെയോ, സംഘടനകളെയോ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന വ്യക്തിയെയോ,
- സർക്കാർ സ്ഥാപനങ്ങളിലെ താമസക്കാരാണെങ്കിൽ സ്ഥാപന സൂപ്രണ്ട്.
- ഭിന്നശേഷി മേഖലയിൽ പ്രത്യേക അറിവുള്ള വ്യക്തി.
- വനിതകൾക്കാണ് പരിമിത രക്ഷകർത്താവിനെ നിയോഗിക്കേണ്ടതെങ്കിൽ കഴിവതും വനിതകളെ മാത്രമേ നിയോഗിക്കാൻ പാടുള്ളു.

**VI. പരിമിത രക്ഷാകർതൃത്വം അനുവദിക്കുന്നതിന് മുമ്പ് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ചുവടെ പറയുന്ന കാര്യങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്**

- അപേക്ഷയും അനുബന്ധ രേഖകളും സൂക്ഷ്മ പരിശധന നടത്തി ടിയാന് പരിമിത രക്ഷാകർതൃത്വത്തിന്റെ ആവശ്യകതയുണ്ടോയെന്ന് ഉറപ്പ് വരുത്തണം.
- നിയമ സാധുതയുള്ള തീരുമാനം സ്വന്തമായി കൈക്കൊള്ളാൻ ഭിന്നശേഷിക്കാരന് കഴിവില്ലായെന്ന് ഉറപ്പ് വരുത്തണം.
- അപേക്ഷകളിൽ വിദഗ്ധ അഭിപ്രായം ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ഭിന്നശേഷിക്കാരൻ ഉൾപ്പെടുന്ന ഭിന്നശേഷി മേഖലയിലെ വിദഗ്ധരുടെ അഭിപ്രായം തേടിയ ശേഷം മാത്രം പരിമിത രക്ഷാകർതൃത്വം അനുവദിച്ചാൽ മതിയാകും.

**(ഭിന്നശേഷി മേഖലയിലെ വിദഗ്ധരുടെ പട്ടിക അനുബന്ധം -I & II ആയി ഉൾപ്പെടുത്തിയിട്ടുണ്ട്)**

**VII പരിമിത രക്ഷകർത്താവിന് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ**

- 2 5 വയസ്സിന് മേൽ പ്രായമുള്ളവരായിരിക്കണം. എന്നാൽ പ്രത്യേക സാഹചര്യത്തിൽ ഭിന്നശേഷിക്കാരനായ ഗുണഭോക്താവിന്റെ താത്പര്യ പ്രകാരം 18 വയസ്സോ അതിന് മുകളിലോ പ്രായമുള്ള ബന്ധുവിനെ പരിമിത രക്ഷാകർത്താവായി നിയമിക്കാവുന്നതാണ്.
- ഇന്ത്യൻ പൗരൻ ആയിരിക്കണം.
- മാനസിക ആരോഗ്യം ഉള്ള ആളായിരിക്കണം
- സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും കുറ്റകൃത്യത്തിന്

ശിക്ഷിക്കപ്പെട്ടവരായിരിക്കരുത്.

- അഗതിയായ (Destitute) ആളോ, പാപ്പർ ആയി പ്രഖ്യാപിക്കപ്പെട്ട ആളോ ആയിരിക്കരുത്.
- കേരള ഭിന്നശേഷി അവകാശ ചട്ടം, 2020-ലെ ചട്ടം 1 3 പ്രകാരം അയോഗ്യരാക്കപ്പെട്ടവർ ആയിരിക്കരുത്.

## VIII. പരിമിത രക്ഷാകർതൃത്വത്തിനുള്ള കാലയളവ്

അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന കാലയളവിലേക്ക് മാത്രമേ പരിമിത രക്ഷാകർതൃത്വം അനുവദിക്കാൻ പാടുള്ളൂ. അപേക്ഷയിൽ പരിമിത രക്ഷാകർതൃത്വത്തിനുള്ള കാലയളവ് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ഉചിതമായ ഒരു സമയം നിർണ്ണയിച്ച് നൽകേണ്ടതാണ്. അനുവദിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ നിശ്ചയിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കൂടുതൽ സമയം ആവശ്യപ്പെട്ട് പരിമിത രക്ഷകർത്താവിന് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷ നൽകാവുന്നതാണ്.

## IX. പരിമിത രക്ഷാകർത്താവും ഭിന്നശേഷി ഗുണഭോക്താവുമായുള്ള ചർച്ച

സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം ഒരു നിശ്ചിത കാര്യ നിർവ്വഹണത്തിന് വേണ്ടി നിയോഗിക്കപ്പെട്ട പരിമിത രക്ഷാകർത്താവ് അക്കാര്യത്തിൽ ഗുണഭോക്താവിന് ഉചിതമായ പിന്തുണ നൽകേണ്ടതും ബന്ധപ്പെട്ട വിഷയത്തിൽ നിയമാനുസൃതമായുള്ള തീരുമാനം എടുക്കുന്നത് ഗുണഭോക്താവുമായി കൂടിയാലോചിച്ചും ആയിരിക്കണം. ഇത്തരത്തിൽ ഭിന്നശേഷിക്കാരന് വേണ്ടി എടുക്കുന്ന നിയമാനുസൃതമായുള്ള തീരുമാനം ടി ഭിന്നശേഷിക്കാരന്റെ പ്രയോജനാർത്ഥമുള്ളത് ആകണമെന്ന കാര്യം പരിമിത രക്ഷകർത്താവ് ഉറപ്പ വരുത്തേണ്ടതാണ്. ഇത്തരത്തിൽ കൂടിയാലോചനകൾ നടത്തുന്നതിന് അതത് മേഖലയിലെ ഒരു വിദഗ്ധന്റെ സേവനം ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. പരിമിത രക്ഷാകർതൃത്വത്തിന്റെ കാലാവധി കഴിയുകയോ നിശ്ചിയിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തു കഴിഞ്ഞാൽ പരിമിത രക്ഷാകർത്താവ് ഇതു സംബന്ധിച്ച് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് രേഖാമൂലം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## X. പരിമിത രക്ഷാകർതൃത്വം നീക്കം ചെയ്യൽ

ചുവടെ പറയുന്ന കാരണങ്ങളാൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് പരിമിത രക്ഷാകർതൃത്വം റദ്ദ് ചെയ്യാവുന്നതാണ്.

- ഭിന്നശേഷിക്കാരനായ ഗുണഭോക്താവിനെ അവഗണിക്കൽ
- ഭിന്നശേഷി അവകാശ ചട്ടം 2020-ലെ ചട്ടം 8 പ്രകാരം അയോഗ്യനാണെന്ന് കണ്ടെത്തിയാൽ
- ഗുണഭോക്താവിനെ മാനസികമായോ, ശാരീരികമായോ ലൈംഗികമായോ പീഡിപ്പിക്കുന്നതായി കണ്ടെത്തിയാൽ
- നിയോഗിക്കപ്പെട്ട കാര്യം നിർവ്വഹിക്കുന്നതിന് ടിയാൾ പ്രാപ്തനല്ലെന്ന് ബോധ്യപ്പെട്ടാൽ.

## XI. അപേക്ഷ സമർപ്പിക്കേണ്ട വിധവും അപേക്ഷ തീർപ്പ് കല്പിക്കലും

നിശ്ചിത മാതൃകയിലുള്ള അപേക്ഷ സാമൂഹ്യനീതി വകുപ്പ് വെബ് സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്തോ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ഓഫീസുകളിൽ നിന്നോ ലഭ്യമാക്കി പൂരിപ്പിച്ച് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

മതിയായ എല്ലാ രേഖകളോടും കൂടി സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO) ഓഫീസുകളിൽ ലഭിക്കുന്ന അപേക്്ഷകളിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മൂന്നു മാസത്തിനുള്ളിൽ തീർപ്പ് കല്പിക്കേണ്ടതാണ്. ഇപ്രകാരം തീർപ്പ് കൽപ്പിക്കുന്നതിന് മുന്നോടിയായി പരിമിത രക്ഷകർത്താവായി നിയോഗിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന വ്യക്തയേയും ആവശ്യമെങ്കിൽ ഭിന്നശേഷിക്കാരെയും നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ തീർത്തും ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ മാത്രമേ ഭിന്നശേഷിക്കാരെ നേരിൽ കേൾക്കാൻ പാടുള്ളൂ. അപേക്ഷ നിരസിക്കുന്ന പക്ഷം കാരണ സഹിതം ടിയാനെ അറിയിക്കേണ്ടതാണ്.

**(അപേക്ഷയുടെ മാതൃക അനുബന്ധം - III ആയും നിരസിക്കുമ്പോൾ നൽകേണ്ടുന്ന കത്തിന്റെ മാതൃക അനുബന്ധം V ആയും ചേർത്തിട്ടുണ്ട്.**

**XII. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

ചുവടെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.

- ഗുണഭോക്താവിന്റെ (ഭിന്നശേഷിക്കാർ) തിരിച്ചറിയൽ രേഖ : (ഇലക്ഷൻ ഐ.ഡി, ഫോട്ടോ പതിച്ച ദേശസാൽകൃത ബാങ്ക് പാസ്സ് ബുക്ക്, ആധാർ കാർഡ് ഇവയിൽ ഏതെങ്കിലും ഒരെണ്ണത്തിന്റെ പകർപ്പ്)

- ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ്

- ഗുണഭോകതാവ് ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്.

- പരിമിത രക്ഷാകർത്താവായി നിയോഗിക്കപ്പെടാനുള്ള വ്യക്തിയുടെ തിരിച്ചറിയൽ രേഖ )ഇലക്ഷൻ ഐ.ഡി, ഫോട്ടോ പതിച്ച ദേശസാൽകൃത ബാങ്ക് പാസ്സ് ബുക്ക്, ആധാർകാർഡ് ഇവയിൽ ഏതെങ്കിലും ഒരെണ്ണത്തിന്റെ പകർപ്പ്).

- പരിമിത രക്ഷാകർത്താവാകാൻ തയ്യാറാണെന്നുള്ള സമ്മത പത്രം

- ഗുണഭോക്താവുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ (ആവശ്യമെങ്കിൽ)

- ഗുണഭോക്താവും (ഭിന്നശേഷിക്കാർ) പരിമിത രക്ഷാകർത്താവായി നിയോഗിക്കപ്പെടാൻ ഉദ്ദേശിക്കുന്ന വ്യക്തിയുമായി ചേർന്നുള്ള ഫോട്ടോ

ഏത് കാര്യത്തിനാണോ പരിമിത രക്ഷാകർതൃത്വം ആവശ്യപ്പെടുന്നത് അത് സംബന്ധിച്ച രേഖ.

**XIII. അപ്പീൽ അവകാശം**

പരിമിത രക്ഷകർത്താവിനെ നിശ്ചയിച്ചുകൊണ്ടുള്ള RDOയുടെ ഉത്തരവിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ജില്ലാ കളക്ടർമാർക്ക് അപ്പീൽ നൽകി പരിഹരിക്കാവുന്നതാണ്.

**XIV. റിപ്പോർട്ടിംഗ്**

RDO മാർ അംഗീകരിക്കുന്ന പരിമിത രക്ഷകർതൃത്വം സംബന്ധിച്ചും ജില്ലാ കളക്ടർമാർ അനുവദിക്കുന്ന അപ്പീൽ സംബന്ധിച്ചും അർദ്ധ വാർഷിക റിപ്പോർട്ടുകൾ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. **(അനുബന്ധം VI)**

അനുബന്ധം - I : വിദഗ്ധരുടെ പട്ടിക

അനുബന്ധം -II: റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഭിന്നശേഷി

മേഖലയിലെ വിദഗ്ധരുടെ പട്ടിക.

അനുബന്ധം-III: അപേക്ഷ ഫോറം

അനുബന്ധം IV: പരിമിത രക്ഷാകർതൃത്വ ഉത്തരവിന്റെ മാതൃക

അനുബന്ധം V : അപേക്ഷ നിരസിക്കുമ്പോൾ നൽകേണ്ടുന്ന കത്തിന്റെ മാതൃക.

അനുബന്ധം VI: ജില്ലാ കളക്ടറുടെയും RDO യുടേയും റിപ്പോർട്ടുകൾ.

**<u>അനുബന്ധം I</u>**

- ചലന പരിമിതി : ബന്ധപ്പെട്ട മേഖലയിലെ ഡോക്ടർ / Prosthetic and Orthodontist ന്റെ വിദഗ്ധ അഭിപ്രായം
- കാഴ്ച പരിമിതി : സഹായ ഉപകരണങ്ങൾ ഉപയോഗിച്ച് കാഴ്ച പരിശോധിക്കാൻ പ്രാപ്തിയുള്ള സാങ്കേതിക വിദഗ്ധന്റെ അഭിപ്രായം.
- ശ്രവണ പരിമിതി : സഹായ ഉപകരണങ്ങൾ ഉപയോഗിച്ച് കേൾവിയുടെ തോത് പരിശോധിക്കാൻ കഴിയുള്ള സാങ്കേതിക വിദഗ്ധന്റെ അഭിപ്രായം.
- സംസാരം - ഭാഷ പരിമിതി : സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പിസ്റ്റിന്റെയോ, സൈൻ ലാഗ്വേജ് അദ്ധ്യാപകരുടെയോ വിദഗ്ധ അഭിപ്രായം.
- ബൗദ്ധിക പരിമിതി : ടി മേഖലയിലെ വിദഗ്ധന്റെ അഭിപ്രായം
- പഠന വൈകല്യം : ക്ലിനിക്കൽ സൈക്കോളജിസ്റ്റ് അല്ലെങ്കിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ വിദഗ്ധ അഭിപ്രായം.
- മാനസിക രോഗം : സൈക്കോളജിസ്റ്റിന്റെയോ സൈക്കാട്രിസ്റ്റിന്റെയോ വിദഗ്ധ അഭിപ്രായം
- നാഡീഞരമ്പ് വ്യവസ്ഥയുടെ പ്രവർത്തനം മൂലമുള്ള ഭിന്നശേഷിത്വം : ന്യൂറോളജി വിഭാഗത്തിൽ വൈദഗ്ധ്യമുള്ള ഡോക്ടറുടെ വിദഗ്ധ അഭിപ്രായം.
- ബ്ലഡ് ഡിസ് ഓർഡർ : ടി മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധ ഡോക്ടർമാരുടെ അഭിപ്രായം.
- മൾട്ടി ഡിസബിലിറ്റി : ഗുണഭോക്താവ് ഏതെല്ലാം തരത്തിലുള്ള പരിമിതികളാണ് നേരിടുന്നത് അതേ ഭിന്നശേഷി മേഖലകളിലെ വിദഗ്ദരുടെ അഭിപ്രായം.

**<u>അനുബന്ധം - II</u>**

റിഹാബിലിറ്റേഷൻ കൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഭിന്നശേഷി മേഖലയിലെ വിദഗ്ധരുടെ പട്ടിക

1. Audiologist and speech therapist
2. Clinical Psychologist
3. Hearing Aid and Ear Mould Technicians
4. Rehabilitation Engineers and Technicians
5. Special Teachers for Education and Training the handicapped
6. Voctional Counsellors, Employment Officers and Placement Officers dealing with handicapped.
7. Multipurpose Rehabilitation Terapists, Technicians
8. Speech and Hearing Technician
9. Rehabilitation Psychologists
10. Rehabilitation Social Workers

**<u>അനുബന്ധം III</u>**

പരിമിത രക്ഷാകർതൃത്വത്തിന് (ലിമിറ്റഡ് ഗാർഡിയൻ) വേണ്ടിയുള്ള അപേക്ഷ

**എ. ഗുണഭോക്താവിന്റെ വ്യക്തി വിവരം (ഭിന്നശേഷിക്കാരൻ)**

| | |
|---|---|
| പേരും ഫോൺ നമ്പരും | |
| മേൽവിലാസം | |
| വിലാസം തെളിയിക്കുന്നതിന് ഹാജരാക്കുന്ന രേഖ | |
| ജനന തീയതി | |
| വയസ്സ് | |
| ജൻഡർ | |
| വിവാഹിതനാണോ | |
| പിതാവിന്റെ പേര് | |
| മാതാവിന്റെ പേര് | |
| ജില്ല | |
| ഹാജരാക്കുന്ന തിരിച്ചറിയൽ രേഖയുടെ പേരും | |

| | |
|---|---|
| നമ്പരും | |
| റേഷൻ കാർഡ് നം. | |

**ഭിന്നശേഷി വിവരം**

| | |
|---|---|
| ഭിന്നശേഷി വിഭാഗം | |
| ഭിന്നശേഷി ശതമാനം | |
| ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്ന അധികാരിയുടെ വിവരം | |
| ഭിന്നശേഷി സർട്ടിഫിക്കറ്റ് നമ്പരും തീയതിയും | |

**ഭിന്നശേഷിക്കാരന്റെ സ്വത്ത് വിവരം**

| | |
|---|---|
| സ്ഥാവര (Immovable) സ്വത്തുണ്ടെങ്കിൽ വിവരം രേഖപ്പെടുത്തുക | |
| ജംഗമ (movable) സ്വത്തുണ്ടെങ്കിൽ വിവരം രേഖപ്പെടുത്തുക | |

**സമ്മത പത്രം**

ഭിന്നശേഷിക്കാരനായ എന്റെ ............................താല്കാലികമായി കൈകാര്യം ചെയ്യുന്നതിന് ശ്രീ. / ശ്രീമതി (പേരും വിലാസവും ) ...................................................................................................................... ................................................................................................. എന്നയാളെ എന്റെ പരിമിത രക്ഷാകർത്താവായി നിയമിക്കുന്നതിന് എനിക്ക് സമ്മതമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : പേര് :

തീയതി : ഒപ്പ് :

**ബി. പരിമിത രക്ഷാകർത്താവായി ഉദ്ദേശിക്കുന്ന വ്യക്തിയുടെ വിവരം**

| | |
|---|---|
| പേരും ഫോൺ നമ്പരും | |
| വിലാസം | |
| വിലാസം തെളിയിക്കുന്നതിന് ഹാജരാക്കുന്ന രേഖ | |
| ജനന തീയതി | |
| വയസ്സ് | |
| ജൻഡർ | |
| വിവാഹിതനാണോ | |
| പിതാവിന്റെ പേര് | |
| ജില്ല | |
| ഹാജരാക്കുന്ന തിരിച്ചറിയൽ രേഖയുടെ പേരും നമ്പരും | |
| റേഷൻ കാർഡ് നം. | |
| മറ്റാരുടേയെങ്കിലും പരിമിത രക്ഷാകർത്താവായിരിക്കുകയോ തുടരുകയോ ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ വിവരം രേഖപ്പെടുത്തുക. | |
| സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം രേഖപ്പെടുത്തുക. | |

<u>**സമ്മത പത്രം**</u>

..........................................................................................................................................
..................................................................................................(പേരും വിലാസവും) എന്ന ഞാൻ ഭിന്നശേഷിക്കാരനായ ശ്രീ/ശ്രീമതി.(പേര്)........................................... എന്നയാളുടെ ......................................... താല്ക്കാലികമായി കൈകാര്യം ചെയ്യാൻ ടിയാളുടെ പരിമിത രക്ഷാകർത്താവായി നിയമിക്കപ്പെടുന്നതിന് സ്വമേധയാ എനിക്ക് സമ്മതമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം പേര്

തിയതി ഒപ്പ്

<u>**ബി. മറ്റ് പൊതു വിവരം.**</u>

| | |
|---|---|
| ഗുണഭോക്താവും പരിമിത രക്ഷാകർത്താവായി നിയമിക്കപ്പെടാൻ ഉദ്ദേശിക്കുന്ന വ്യക്തിയുമായുള്ള ഫോട്ടോ സമർപ്പിച്ചിട്ടുണ്ടോ? | |
| പരിമിത രക്ഷാകർത്താവായി നിയമിക്കപ്പെടാൻ ഉദ്ദേശിക്കുന്ന വ്യക്തിയുടെ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടോ | |
| എന്ത് കാര്യത്തിന് വേണ്ടിയാണ് പരിമിത രക്ഷാകർതൃത്വം അനുവദിക്കേണ്ടത്.എത്ര നാളത്തേക്ക് വേണ്ടി. | |
| പരിമിത രക്ഷാകർത്താവായി നിയമിക്കപ്പെടാൻ ഉദ്ദേശിക്കുന്ന വ്യക്തിയും | |

| | |
|---|---|
| ഭിന്നശേഷിക്കാരനുമായുള്ള ബന്ധം. (ആവശ്യമെങ്കിൽ രേഖ സമർപ്പിക്കുക) | |

മേൽ രേഖപ്പെടുത്തിയ എല്ലാ വിവരങ്ങളും എന്റെ അറിവിലും ബോധ്യത്തിലും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. മേൽ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ടി അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്നും അറിയിക്കുന്നു.

സ്ഥലം                                    അപേക്ഷകന്റെ ഒപ്പ്

തീയതി                                    പേര്

**അനുബന്ധം IV**

(.................) സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ നടപടി ക്രമങ്ങൾ

ഹാജർ: (ഉദ്യോഗസ്ഥന്റെ പേര്)

വിഷയം: .......................സബ് ഡിവിഷണൽ മജിസ്ട്രേറ്റ് - ഭിന്നശേഷിക്കാരനായ (പേര്)..........................ആളുടെ ..................................................(ആവശ്യം) താൽക്കാലികമായി കൈകാര്യം ചെയ്യുന്നതിന് (പരിമിത രക്ഷാകർത്താവിന്റെ പേര്) - പരിമിത രക്ഷാകർത്താവായി നിയോഗിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ജി.ഒ(പി) നം.3/2020/സാ.നീ.വ തിയതി.28.03.2020

2. ജി.ഒ(പി) നം.20/2020/സാ.നീ.വ തിയതി.23.09.2020

3. ....................................................... സമർപ്പിച്ച അപേക്ഷ.

നിയമസാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് പ്രാപ്തിയില്ലാതെ വരുന്ന ഭിന്നശേഷിക്കാർക്കായി ഇത്തരം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് അവരുടെ സമ്മതത്തോടെ ഒരു നിശ്ചിത കാലയളവിലേക്ക് പരിമിത രക്ഷാകർത്താവിനെ നിയോഗിച്ച് നൽകുന്നതിന് 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലും (Central Act 49 of 2016) പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2020 ലെ കേരള ഭിന്നശേഷി അവകാശ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിമിത രക്ഷാകർത്താവിനെ നിയോഗിച്ച നൽകുന്നതിന് സംസ്ഥാനത്തെ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ അധികാരപ്പെട്ട ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം എന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്നതും

.................................വിലാസത്തിൽ താമസക്കാരനും ....................... വിഭാഗം ഭിന്നശേഷിക്കാരനുമായ (പേര്) ുടെ ....................(ആവശ്യം) നിരവേറ്റുന്നതിന് ............... കാലയളവിലേക്ക് പരിമിത രക്ഷാകർത്താവായി .............. വിലാസത്തിൽ താമസക്കാരനായ (പേര്) ആളെ നിയോഗിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭ്യമായിട്ടുള്ളതാണ്.

ലഭ്യമായ അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൻ പ്രകാരം ............... (ഭിന്നശേഷിക്കാരന്റെ പേര്) ന് നിയമസാധുതയുള്ള തീരുമാനം കൈക്കൊള്ളുന്നതിന് പ്രാപ്തിയില്ലെന്നും ടിയാളുടെ പരിമിത രക്ഷാകർത്താവായി ................. (പേര്) നെ നിയോഗിക്കുന്നതിന് മറ്റ് കുടുംബാംഗങ്ങൾക്ക് എതിർപ്പില്ലെന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് ....................... (ഭിന്നശേഷിക്കാരൻ) ആളുടെ ....................(ആവശ്യം) നിറവേറ്റുന്നതിന് / നടത്തുന്നതിന് ഇന്ന് മുതൽ ............ കാലയളവിലേക്ക് ടിയാളുടെ പരിമിത രക്ഷാകർത്താവായി ......................... (പേര്) ആളെ നിയമിച്ച് ഉത്തരവാകുന്നു. ടിയാൾ (പരിമിത രക്ഷാകർത്താവ്) ഭിന്നശേഷിക്കാരന്റെ താല്പര്യം സംരക്ഷിക്കേണ്ടതും നിശ്ചയിക്കപ്പെട്ട പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് രേഖാമൂലം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. നിയോഗിക്കപ്പെട്ട പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പക്ഷം അധികസമയം ആവശ്യമുണ്ടെങ്കിൽ ആയതിന് പ്രത്യേക അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

സബ് ഡിവിഷണൽ മജിസ്ട്രേറ്റ്

പരിമിത രക്ഷ കർത്താവിനു

പകർപ്പ്: 1. അപേക്ഷകന്

## <u>അനുബന്ധം V</u>

സബ് ഡിവിഷണൽ മജിസ്ട്രേറ്റ് സ്ഥലം:

........................................................ തീയതി:

ശ്രീ/ ശ്രീമതി.

..........................................................

..........................................................

..........................................................

വിഷയം:- ഭിന്നശേഷിക്കാർക്ക് വേണ്ടി ഏർപ്പെടുത്തുന്ന പരിമിത രക്ഷാകർത്വം -

നിയമനം സംബന്ധിച്ച്.

സൂചന:- ........................ തീയതിയിലെ താങ്കളുടെ അപേക്ഷ.

പരിമിത രക്ഷാകർതൃത്വം ലഭിക്കുന്നതിനായി സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ചുവടെ പറയും പ്രകാരം ന്യൂനതകൾ ഉള്ളതിനാൽ നിരസിച്ചിരിക്കുന്നു.

1

2

വിശ്വസ്തതയോടെ

സബ് റീജിയണൽ മജിസ്ട്രേറ്റ്

## <u>അനുബന്ധം VI</u>

ഭിന്നശേഷി അവകാശ നിയമ പ്രകാരം ലിമിറ്റഡ് ഗാർഡിയൻഷിപ്പ് അനുവദിച്ചത് സംബന്ധിച്ച സബ്റീജിയണൽ മജിസ്ട്രേറ്റിന്റെ റിപ്പോർട്ട്

വർഷം:-

മാസം:-

| ക്രമ നം. | ഭിന്നശേഷിക്കാരന്റെ പേരും വിലാസവും | ഭിന്നശേഷി വിഭാഗവും ശതമാനവും | അപേക്ഷകന്റെ പേരും വിലാസവും | പരിമിത രക്ഷാകർത്താവിന്റെ പേരും വിലാസവും | ഉത്തരവ് തിയതിയും നമ്പരും | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | |

## ജില്ലാ കളക്ടറുടെ റിപ്പോർട്ട്

വർഷം:-                                                    മാസം:-

| ക്രമ നം. | ഭിന്നശേഷിക്കാരന്റെ പേരും വിലാസവും | അപേക്ഷകൻ/പരിമിത രക്ഷകർത്താവിന്റെ പേരും വിലാസവും | അപ്പീലിന്റെ വിശദാംശം | സ്വീകരിച്ച നടപടി | അപ്പീൽ തീർപ്പാക്കിയ ഉത്തരവ് തിയതിയും നമ്പരും | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | | | |

റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം വകുപ്പ് ഉൾപ്പെടെ)

എല്ലാ വകുപ്പ് മേധാവികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, ആഞ്ജനേയ, ശാസ്തമംഗലം, തിരുവനന്തപുരം

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ചെയർമാൻ, സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ, മനോവികാസ്, കൊല്ലം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Jasmine Thomas**
**Date: 05-05-2022 12:21:44**

സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്